"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഐക്കോൺസ് - ജീവനക്കാര്യം - ആരോഗ്യ സേവന വകുപ്പിലെ കൺസൽട്ടന്റ് ന്യൂറോളജിസ്റ്റായ ഡോ.മുരുഗൻ സി. നായരുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.890/2026/H&FWD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.939/2022/ആ.കു.വ. തീയതി 28.04.2022
2. സ.ഉ.(സാധാ) നം.1204/2023/ആ.കു.വ. തീയതി 20.05.2022
3. സ.ഉ.(സാധാ) നം.3177/2023/ആ.കു.വ. തീയതി 01.12.2023
4. സ.ഉ.(സാധാ) നം.540/2024/ആ.കു.വ. തീയതി 23.02.2024
5. സ.ഉ.(സാധാ) നം.1548/2024/ആ.കു.വ. തീയതി 26.06.2024
6. സ.ഉ.(സാധാ) നം.1139/2025/ആ.കു.വ. തീയതി 23.04.2025
7. ഐക്കോൺസ് ഡയറക്ടർ (ഇൻ ചാർജ്) ആയ ഡോ.മുരുഗൻ സി. നായർ സമർപ്പിച്ച 18.02.2026 തീയതിയിലെ 554/Estt/2021/ICCONS-Tvpm നമ്പർ കത്ത്
8. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.02.2026 തീയതിയിലെ DHS/4488/2026-EB1 നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ സേവന വകുപ്പിലെ കൺസൽട്ടന്റ് ന്യൂറോളജിസ്റ്റ് ആയ ഡോ.മുരുഗൻ സി. നായർ-നെ പരാമർശം (1) പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്)-ൽ ന്യൂറോളജിസ്റ്റായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. തുടർന്ന് പരാമർശം (2), (4), (5), (6) എന്നീ ഉത്തരവുകൾ പ്രകാരം, വിവിധ ഘട്ടങ്ങളിലായി ടിയാന്റെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. മേൽ ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ചു നൽകിയ അന്യത്ര സേവനകാലാവധി 04.05.2026-ന് അവസാനിക്കുകയാണെന്നും, ആയതിനാൽ 05.05.2026 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ഐക്കോൺസിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (7) ലെ കത്ത് പ്രകാരം ഡോ.മുരുഗൻ സി. നായർ സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

2) ഡോ. മുരുഗൻ സി. നായരുടെ ഐക്കോൺസ്-ലെ അന്യത്രസേവന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് തടസ്സവാദങ്ങൾ ഒന്നും തന്നെയില്ലായെന്ന്

സാക്ഷ്യപ്പെടുത്തി ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (8) പ്രകാരം നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുണ്ട്.

3 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐക്കോൺസിലെ ഡയറക്ടർ (ഇൻ ചാർജ്) ആയി അന്യത്രസേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ആരോഗ്യ സേവന വകുപ്പിലെ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ആയ ഡോ. മുരുഗൻ സി. നായരുടെ ഐക്കോൺസിലെ അന്യത്രസേവന കാലാവധി നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമായി 05.05.2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്), തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ. മുരുഗൻ സി. നായർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/49/2026-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 05-03-2026 10:50:27
സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.